**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3016** **28-02-2023 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ.കെ.ടി.ജലീൽ | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുനർഗേഹം പദ്ധതി പ്രകാരം എത്ര പേർ ഭൂമി രജിസ്റ്റർ ചെയ്ത് ഭവന നിർമാണം പൂർത്തിയാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (എ) | പുനർഗേഹം പദ്ധതി പ്രകാരം സംസ്ഥാനത്ത് 3,344 ഗുണഭോക്താക്കൾ ഭൂമിയുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും ആയതിൽ 1,968 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം തവനൂർ മണ്ഡലത്തിലെ പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിൽ എത്രപേർക്ക് ഭവന നിർമാണം പൂർത്തിയാക്കാൻ സാധിച്ചിട്ടുണ്ടെന്നും ഇനി എത്രപേർ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ? | (ബി) | തവനൂർ മണ്ഡലത്തിലെ പുറത്തൂർ, മംഗലം എന്നീ പഞ്ചായത്തുകളിലെ 150 കുടുംബങ്ങളാണ് സർവ്വേയിൽ ഉൾപ്പെട്ട് വന്നിട്ടുള്ളത്. ആയതിൽ പുറത്തൂർ പഞ്ചായത്തിലെ 54 ഗുണഭോക്താക്കളും മംഗലം പഞ്ചായത്തിലെ 12 ഗുണഭോക്താക്കളും ഉൾപ്പെടെ 66 ഗുണഭോക്താക്കളാണ് പദ്ധതി പ്രകാരം സുരക്ഷിത മേഖലയിലേയ്ക്ക് മാറിത്താമസിക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുള്ളത്.<br><br>പുറത്തൂർ പഞ്ചായത്തിലെ 18 ഗുണഭോക്താക്കൾ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുകയും 10 ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. മംഗലം പഞ്ചായത്തിലെ ആരും തന്നെ ഭൂമി രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ